# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : പി.കെ.കേശവൻ, ഐ.എഫ്.എസ്

വിഷയം:- കേരള വനം വകുപ്പ് - ജീവനക്കാര്യം- ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ബി.ശ്യാമളദാസിന്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളയുടെ 16.10.2017-ലെ ഡി1-19726/14 നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളയുടെ 05.09.2018-ലെ ഡി1-38416/18 നമ്പർ ഉത്തരവ്.
3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.2315/17 തീയതി 27.11.2019.
4. സർക്കാർ കത്ത് നമ്പർ എഫ്3/138/19/വനം തീയതി 22.08.2019.

## ഉത്തരവ് നമ്പർ ഡി1-38416/2018 തീയതി 09.06.2020

നെന്മാറ ഡിവിഷനിൽ ആലത്തൂർ റെയിഞ്ചിലെ ഇണ്ട നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച് 17-04-2017-ലെ FWLD-A1/22/17-FWLD നമ്പരായി ശ്രീ. സി.അബ്ദുൾലത്തീഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.ബി.ശ്യാമളദാസ് ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് കുറ്റപത്രവും കുറ്റാരോപണപത്രികയും നൽകിയിരുന്നു. ആയത് ശ്രീ.ബി.ശ്യാമളദാസ് 30-05-2017-ൽ കൈപ്പറ്റിയിരുന്നു. പ്രസ്തുത അച്ചടക്കനടപടി നിലനിൽക്കെയാണ്, ടിയാനെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളയുടെ സൂചന (1)-ലെ ഉത്തരവ് പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകുകയുണ്ടായത്. ടി വസ്തുത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, ഉടനെ ടിയാനെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരളയുടെ സൂചന (2)-ലെ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി തരം താഴ്ത്തുകയുണ്ടായി.

എന്നാൽ സർക്കാർ ഉത്തരവ് 116/19/വനം തീയതി 15.03.2019 പ്രകാരം ടി കേസിൽ നിന്നും ടിയാനെ ഒഴിവാക്കിയിട്ടുണ്ട്. ഒ.ആർ-19/97 നമ്പർ കേസ് യഥാസമയം അന്വേഷിക്കാതെ, സർക്കാർ നഷ്ടം വരുത്തിയത് സംബന്ധിച്ച അച്ചടക്കനടപടി

കേസ്സിന് സർവ്വശ്രീ. കെ.എ. അബ്ദുൾറഹ്മാൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.). സി.അരുൺകുമാർ (നിലവിൽ ജൂനിയർ സൂപ്രണ്ട്) എന്നിവർ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിച്ച്. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തലത്തിൽ തന്നെ അച്ചടക്കനടപടി പുനഃരാംഭിക്കുവാൻ. സർക്കാരിന്റെ 05-05-2017-ലെ. ഉത്തരവ് (സാധാ) നമ്പർ 175/2017/വനം പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ശ്രീ.കെ.എ.അബ്ദുൾ റഹ്മാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസിൽ പുനരന്വേഷണം തടഞ്ഞുകൊണ്ട് സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

ശ്രീ.ബി.ശ്യാമളദാസിന്, കുറ്റപത്രവും കുറ്റാരോപണപത്രികയും നിലവിൽ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ, ടിയാന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി സ്ഥാനക്കയറ്റം നൽകുന്നതിൽ സാങ്കേതികതടസ്സമില്ലായെന്ന് സൂചന (4) പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.ബി.ശ്യാമളദാസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് 39500-83000 ശമ്പള സ്കെയിലിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 31 (a) (i) 2-ാം വാല്യം പ്രകാരമുള്ള നിബന്ധനകൾക്കും, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി താൽക്കാലിക സ്ഥാനക്കയറ്റം നൽകിക്കൊണ്ട് പി.കെ.കേശവൻ ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.

1. ഈ സ്ഥാനക്കയറ്റം ഭരണപരമായ പ്രതിസന്ധി മറികടക്കുന്നതിനുള്ള താൽക്കാലിക നിയമനം മാത്രമാണ്. താൽക്കാലിക പ്രൊമോഷൻ ലഭിക്കുന്നു എന്ന കാരണത്താൽ ഭാവിയിലെ പ്രൊമോഷൻ / സീനിയോരിറ്റി എന്നീ കാര്യങ്ങളിലൊന്നും ടിയാന് യാതൊരു മുൻഗണനയും ലഭിക്കുന്നതല്ല.
2. ടി സ്ഥാനക്കയറ്റം ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ അധികരിച്ചിട്ടുള്ളതാകയാൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ, നിശ്ചിത ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ചവരെ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ്.

3. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സ്ഥാനക്കയറ്റത്തിന് നിശ്ചയിച്ചിട്ടുള്ള 25% ക്വാട്ടയിൽ ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്ക് മാത്രമേ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയി താൽക്കാലിക നിയമനം ലഭിച്ചവരുടെ നിയമനം ക്രമീകരിക്കുകയുള്ളു.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററർ &
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

To

ശ്രീ.ബി.ശ്യാമളദാസ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,
ആനവായ് ഫോറസ്റ്റ് സ്റ്റേഷൻ, സൈലന്റ്‌വാലി നാഷണൽ പാർക്ക്

പകർപ്പ്: എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും നൽകുന്നു.

അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, എഫ്.എം.ഐ.എസ്-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നു.

സ്റ്റോക്ക് ഫയൽ